പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6208

02/04/2018 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ച് നിർത്തുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ച് നിർത്തുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇതുവഴി 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25/- രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വില്പന നടത്തി വരികയും ചെയ്തിട്ടുണ്ട്. അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽ നിന്നും അരികൊണ്ടുവന്ന് സംസ്ഥാനത്ത് വിതരണം ചെയ്ത് വില കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ